**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **29-09-2025 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതി ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ നിലവിൽ എത്ര സ്ഥിരം തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിൽ 91 സ്ഥിരം തൊഴിലാളികൾ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്നു. |
| (ബി) | നിലവിൽ എത്ര താത്ക്കാലിക ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും ഇവർ ഓരോരുത്തരും എത്ര വർഷമായി താത്ക്കാലിക ജോലി ചെയ്യുകയാണെന്നും വിശദമാക്കുമോ; | (ബി) | നെല്ലിയാമ്പതി ഗവ. ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ടെക്നിക്കൽ സപ്പോർട്ടിങ് സ്റ്റാഫായി ഫാമിന്റെ നിലവിലുള്ള സ്കീമിൽ വാർഷിക കോൺട്രാക്ട് അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയോഗിച്ച മൂന്നു ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുമ്പോൾ നിയമിക്കുന്നതിനുള്ള ഫീഡർ കാറ്റഗറിയായ താൽക്കാലിക നിയമനം ലഭിച്ച 42 കാഷ്വൽ തൊഴിലാളികളും ദിവസവേതന അടിസ്ഥാനത്തിൽ രണ്ടു തൊഴിലാളികളും ജോലി ചെയ്തു വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച ജീവനക്കാരുടെ ആദ്യ നിയമനം 2023 നവംബറിലായിരുന്നു. അതിനുശേഷം 2025-26 സാമ്പത്തിക വർഷത്തേക്ക് കൂടി ഇവരുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കാഷ്വൽ തൊഴിലാളികളിൽ 2008 മുതൽ 15 പേരും 2020 മുതൽ 27 പേരും ജോലി ചെയ്തു വരുന്നു. ദിവസവേതന അടിസ്ഥാനത്തിൽ തൊഴിലാളികൾ 2021 മുതൽ ജോലി ചെയ്തു വരുന്നു. |
| (സി) | താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ 44 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ ഉണ്ടാകുന്ന മുറക്ക് തന്നെ കാഷ്വൽ തൊഴിലാളികളെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ